I ഇ.ബി. XIII- കേരള നിയമസഭ/VIII-10

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഏപ്രിൽ 2, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 8. 41–ന് നിറുത്തിവച്ചിരുന്ന സഭ 9.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു.)

**അടിയന്തര പ്രമേയം**

ഗാർഹിക പീഡനം

മി. സ്പീക്കർ: മന്ത്രി ഗാർഹിക പീഡനം നടത്തിയെന്ന ഭാര്യയുടെ പരാതിയിൽ നിയമാനുസൃത നടപടി സ്വീകരിക്കാതെ അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ലെന്ന് നിയമസഭയിൽ പറഞ്ഞ് പീഡനം നടത്തിയ ആളെ മുഖ്യമന്ത്രി സംരക്ഷിച്ചതിനെയും ഇപ്പോൾ മന്ത്രിക്ക് രാജി

സമർപ്പിക്കേണ്ടി വന്നതിനെയും തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭയിൽ പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുകയാണ്; സഭയെ തെറ്റിദ്ധരിപ്പിച്ചിട്ടില്ല. പുറത്തുനിന്ന് ഒരാൾ വന്ന് ശ്രീ. കെ.ബി. ഗണേഷ് കുമാറിനെ മർദ്ദിച്ചിട്ടില്ലെന്നത് വാസ്തവമാണ്. മാർച്ച് 6–ാം തീയതി ഡോ. യാമിനി തങ്കച്ചി ഗാർഹിക പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പരാതി തന്നിരുന്നില്ല. അവർക്ക് യോജിച്ചുപോകാൻ കഴിയാത്ത സാഹചര്യത്തിലാണ് പ്രശ്നം കുടുംബ കോടതിയുടെ പരിധിയിൽ വരികയും കൂടുതൽ വിവാദമാകുകയും ചെയ്തത്. ഇന്നലെ ഡോ. യാമിനി തങ്കച്ചി എനിക്ക് പരാതി തരികയും പോലീസിൽ പരാതി കൊടുക്കുകയും ചെയ്തിരുന്നു. പ്രശ്നങ്ങൾ തീരുമെന്ന പ്രതീക്ഷ നഷ്ടപ്പെട്ടപ്പോഴാണ് ഇതിലിടപെട്ട എല്ലാവരും തന്നെ വഞ്ചിച്ചുവെന്ന് പറഞ്ഞതെന്നും മുഖ്യമന്ത്രിയെ മാത്രമല്ല ഉദ്ദേശിച്ചതെന്നും അവർ പറഞ്ഞിട്ടുണ്ട്. ഇന്നലെ പരാതി കിട്ടിയപ്പോൾത്തന്നെ അത് ഡി.ജി.പി.യെ ഏൽപ്പിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തതിനെത്തുടർന്ന് ശ്രീ. കെ.ബി. ഗണേഷ് കുമാർ രാത്രി ക്ലിഫ് ഹൗസിലെത്തി രാജിക്കത്ത് തരികയും ചെയ്തു. രാജിക്കത്ത് രാജ്ഭവനിൽ എത്തിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിൽ ഒരു

വീഴ്ചയും വരുത്തുകയില്ല. കുടുംബ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട മിതത്വവും മര്യാദയും ഉൾക്കൊള്ളുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ ഉന്നയിച്ച പ്രശ്നം ഉയർന്നുവന്നത് പത്രവാർത്തയുടെയും ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലിന്റെയും അടിസ്ഥാനത്തിലാണ്. മുഖ്യമന്ത്രിയുടെ വിശദീകരണം ശരിയല്ല. ഇടനിലനിന്നവർ വഞ്ചിച്ചുവെന്നും നിയമസഭയിൽ മുഖ്യമന്ത്രി വായിച്ച കത്ത് അദ്ദേഹം ആവശ്യപ്പെട്ട പ്രകാരം എഴുതി നൽകിയ താണെന്നും ശ്രീ. പി.സി. ജോർജ് പറഞ്ഞതെല്ലാം ശരിയാണെന്നുമാണ് മന്ത്രി പത്നി പത്രസമ്മേളനത്തിൽ പറഞ്ഞിരിക്കുന്നത്. 18–03–13–ന് മുഖ്യമന്ത്രി സഭയിൽ പറഞ്ഞിരിക്കുന്നത് മന്ത്രിയെ പുറത്തുനിന്നുള്ള ആൾ മർദ്ദിച്ചുവെന്ന് പറയുന്ന പത്രവാർത്ത ശരിയല്ലെന്ന് മനസ്സിലായിട്ടുണ്ട് എന്നാണ്. മന്ത്രി പത്നി നൽകിയിരിക്കുന്ന വിശദീകരണം ഇതിന് വിരുദ്ധമാണ്. ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ടുണ്ടെങ്കിൽ അത് മേശ പ്പുറത്ത് വയ്ക്കണം. ഏത് ബാഹ്യശക്തിയുടെ പ്രേരണമൂലമാണന്ന് ഡോ. യാമിനി തങ്കച്ചി ആരോപണങ്ങൾ ഉന്നയിച്ചതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. ആദ്യം പരാതിയുമായി മന്ത്രിപത്നി വന്ന സന്ദർഭത്തിൽ നിയമപരമായി ഈ പ്രശ്നം കൈകാര്യം ചെയ്യാതെ മുഖ്യമന്ത്രി സത്യപ്ര തിജ്ഞാ ലംഘനം നടത്തിയിരിക്കുകയാണ്. സഹപ്രവർത്തകനായ മന്ത്രിയെ രക്ഷിച്ചുകൊണ്ട് മന്ത്രിസഭ നിലനിർത്താനാണ് മുഖ്യമന്ത്രി ശ്രമിച്ചത്. ശ്രീ. കെ.ബി. ഗണേഷ് കുമാറിനെ രാജിവയ്പ്പിച്ചുകൊണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുവെന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. നിയമസഭയെ

തെറ്റിദ്ധരിപ്പിച്ചിരിക്കുന്നതിനാൽ മുഖ്യമന്ത്രിക്ക് ആ പദവിയിൽ തുടരാനുള്ള അവകാശം ഇല്ലാതായിരിക്കുന്നു. ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നോൺബെയ്ലബിൾ സെക്ഷൻ അനുസരിച്ച് പോലീസ് കേസ്സെടുത്തതിനാലാണ് ശ്രീ. കെ.ബി. ഗണേഷ് കുമാർ രാജി സമർപ്പിച്ചത്. രാജിക്കത്ത് കിട്ടിയെങ്കിലും ഗവർണ്ണർ സ്ഥലത്തില്ലാത്തതിനാൽ തീരുമാനമെടുക്കാനാവില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഭയിൽ സ്റ്റേറ്റ്മെന്റ് നടത്തിയിട്ട് മന്ത്രിമാർ രാജിവച്ച മുൻകാല അനുഭവങ്ങൾ ഉണ്ട്. നോൺബെയ്ലബിൾ കേസ്സായതിനാൽ മന്ത്രി രാജിവച്ചു എന്ന് മുഖ്യമന്ത്രി വെളിപ്പെടുത്തിയ ശേഷവും മന്ത്രി ആ കസേരയിലിരിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: മന്ത്രി രാജിക്കത്തുസമർപ്പിച്ചുവെങ്കിലും ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് റൂൾ 64 അനുസരിച്ച് മന്ത്രിക്ക് പ്രസ്താവന നടത്താൻ അവകാശമുണ്ട്. അതിന് അനുവാദം ചോദിച്ചുകൊണ്ടുള്ള കത്ത് ചെയറിന് ലഭിച്ചിട്ടുണ്ട്. മുമ്പുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ പ്രസ്താവന നടത്തുന്നതിന് മന്ത്രി എത്തിയാൽ അദ്ദേഹത്തിന് വേറെ കസേര ഒരുക്കിയ അവസരം ഈ സഭയിൽ ഉണ്ടായിട്ടില്ല. വോട്ടിംഗ് നടക്കുകയാണെങ്കിൽ അതിനനുസരിച്ചുള്ള സംവിധാനം മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. ഗണേഷ്കുമാറിനും പത്നിക്കും ഒന്നിച്ച് കഴിയാനാവില്ലെന്ന തീരുമാനമുണ്ടായതിനെത്തുടർന്ന് മാന്യമായി പിരിയുന്നതിനുവേണ്ടി എഗ്രിമെന്റുണ്ടാക്കിയെങ്കിലും അത് ഇംപ്ലിമെന്റ്

ചെയ്യാൻ സാധിച്ചില്ല. ഭിന്നിപ്പിൽനിന്നും ഒരു കുടുംബത്തെ രക്ഷിക്കാൻ ചെയ്ത കാര്യങ്ങൾ പൂർണ്ണമായും ശരിയായിരുന്നുവെന്ന വിശ്വാസമുണ്ട്. ഗാർഹികപ്രശ്നം സഭയിൽ ഈ രീതിയിൽ വന്നതിൽ വളരെയധികം ദു:ഖമുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ് അച്ചുതാനന്ദൻ, സി. ദിവാകരൻ, സി. കെ. നാണു, കോവൂർ കുഞ്ഞുമോൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

<u>മി. സ്പീക്കർ:</u> നിയമസഭാ നടപടിചട്ടം 64 പ്രകാരം ശ്രീ. കെ. ബി. ഗണേഷ്കുമാർ സഭയിൽ ഒരു സ്റ്റേറ്റുമെന്റ് നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ വെല്ലിനു ചുറ്റും വന്ന് മുദ്രാ വാക്യം വിളിച്ചുകൊണ്ടിരുന്നു)

## വ്യക്തിപരമായ വിശദീകരണം

### <u>രാജി സമർപ്പിച്ചത് സംബന്ധിച്ച്</u>

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): പൊതുജീവിതത്തിൽ ഉയർത്തിപ്പിടിക്കേണ്ട

ധാർമ്മികതയുടെ പേരിൽ മന്ത്രിസഭയിൽ നിന്ന് ഞാൻ രാജിവച്ചിരിക്കുകയാണ്. വനം വകുപ്പുമന്ത്രിയെന്ന നിലയിൽ അഴിമതിക്കും വനം കയ്യേറ്റത്തിനുമെതിരെ കൈക്കൊണ്ട വിട്ടുവിഴ്ചയില്ലാത്ത നിലപാടുകളുടെ പേരിൽ എന്റെ രക്തത്തിന് വേണ്ടി ദാഹിച്ചവർ ഒത്തുച്ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ പരിണതഫലമാണ് ഇത്. കെട്ടിച്ചമച്ചുണ്ടാക്കിയ അപവാദ കഥകൾ കേരളീയ സമൂഹം തള്ളിക്കളയുമെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ ഗുരുതരമായ കുറ്റം ആരോപിച്ച് കള്ളക്കേസിൽ കുടുക്കി എന്നെ തകർക്കുവാൻ ശ്രമിക്കുകയായിരുന്നു. ഒരു മന്ത്രിയായി തുടരുന്നത് നീതിപൂർവ്വമായ ഒരു അന്വേഷണത്തിന് തടസ്സമാകുമെന്നതിനാലാണ് മന്ത്രിപദവിയിൽ നിന്നും മാറിനിൽക്കുവാൻ തീരുമാനിച്ചത്. സത്യസന്ധമായ ഒരു അന്വേഷണത്തിലൂടെ എന്റെ നിരപരാധിത്വം തെളിയിക്കപ്പെടണം. സത്യം പുറത്തുവരാനായി കാത്തിരിക്കാനും അഴിമതിക്കെതിരായ പോരാട്ടം കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകാനുമുള്ള ദൃഢനിശ്ചയത്തോടെ ഞാൻ ഈ സഭയോടും നാടിനോടും ഒപ്പമുണ്ടാകും. മന്ത്രിയെന്ന നിലയിലുള്ള എന്റെ പ്രവർത്തനങ്ങളിൽ എനിക്ക് ലഭിച്ച നിസ്തൂലമായ സഹകരണവും പ്രോത്സാഹനവും നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാവരോടും ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു.

**ശ്രദ്ധ ക്ഷണിക്കൽ**

**<u>ഇന്നോവേഷൻ കൗൺസിലിന്റെ രൂപീകരണം</u>**

ശ്രീ. റ്റി.എൻ. പ്രതാപൻ: പ്രധാനമന്ത്രിയുടെ നിയന്ത്രണത്തിൽ ഒരു ദേശീയ ഇന്നോവേഷൻ കൗൺസിൽ നിലിവിൽ വരികയും ഇൻഡ്യയിലെ 21 സംസ്ഥാനങ്ങളിൽ സംസ്ഥാന ഇന്നോവേഷൻ കൗൺസിലുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭരണമികവും കാര്യക്ഷമതയും സംസ്ഥാനത്തിന്റെ സമഗ്ര വളർച്ചയും ഉറപ്പാക്കുന്നതിനായി ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ജനപക്ഷത്തുനിന്ന് ചിന്തിക്കുകയും പരിസ്ഥിതി സൗഹൃദ വികസനമുൾപ്പെടെയുള്ള കാര്യങ്ങൾ വച്ച് പുലർത്തുകയും ചെയ്യുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള നോളജ് മാനേജുമെന്റ് എക്സ്പെർട്ടുകൾ ഉൾപ്പെടുന്ന ഒരു സമിതിയായിരിക്കണം ഇത്. നിലവിലെ ഭരണ സംവിധാനത്തിലെ അപാകതകൾ ദൂരീകരിച്ച് വികസനക്ഷേമ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട ക്രമീകരണങ്ങളും നിർദ്ദേശങ്ങളും ഈ കൗൺസിലിന്റെ രൂപീകരണത്തോടെ സാദ്ധ്യമാകും. ദേശീയതലത്തിൽ രൂപീകരിച്ചിരിക്കുന്ന ഇന്നോവേഷൻ കൗൺസിലിന്റെ ഒരു മോഡൽ കേരളത്തിലും രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ദേശീയ ഇന്നോവേഷൻ കൗൺസിലിന്റെ മാതൃകയിൽ സംസ്ഥാന ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കണമെന്നത് സുപ്രധാനമായ ഒരു നിർദ്ദേശമാണ്. സംസ്ഥാനത്ത് വിവിധ രംഗങ്ങളിൽ നൂതന രീതികൾ ആവിഷ്ക്കരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാരിനെ സഹായിക്കുക, യുവ പ്രതിഭകളെയും തദ്ദേശ സർവ്വകലാശാലകളെയും കോളേജുകളെയും ചെറുകിട-ഇടത്തരം വ്യവസായങ്ങളെയും ഗവേഷണ സ്ഥാപനങ്ങളെയും

പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്ത് നൂതനരീതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള സാദ്ധ്യതകൾ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുക തുടങ്ങിയ സുപ്രധാന ലക്ഷ്യങ്ങളാണ് ഇതിനുള്ളത്. വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഉന്നതവ്യക്തികളെ ഉൾപ്പെടുത്തി സംസ്ഥാന ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാന പ്ലാനിംഗ് ബോർഡ് സംസ്ഥാന ഇന്നോവേഷൻ കൗൺസിലിന്റെ സെക്രട്ടേറിയറ്റായി തൽക്കാലം പ്രവർത്തിക്കുന്നതാണ്. ദേശീയ ഇന്നോവേഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഇന്നോവേഷൻ കൗൺസിലിൽ ഉൾപ്പെടുത്തേണ്ട വ്യക്തികളുടെ ലിസ്റ്റ് ലഭ്യമാക്കാനാവശ്യപ്പെട്ടിട്ടുണ്ട്. കഴിവുള്ളവരെയും ഈ രംഗത്ത് നിർണ്ണായക മായ സംഭാവനകൾ നൽകാൻ സാധിക്കുന്നവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കൗൺസിലായിരിക്കും ഇത്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ സബ്മിഷനുകൾ റദ്ദ് ചെയ്തതായി അറിയിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേക്ക് കടക്കുകയും ചെയ്തു.)

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

(2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

(3) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പതിനെട്ട് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

(4) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

## നിയമനിർമ്മാണകാര്യം

### I. <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലാ ബിൽ</u>

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ 2013-ന് പരിഗണിക്കാനാണ് ബി.എ.സി.യിൽ തീരുമാനിച്ചിരുന്നതെങ്കിലും 09.04.2013-ന് പരിഗണിക്കേണ്ടിയിരുന്ന 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി ബില്ലിനു പകരം അന്നേ ദിവസം ഈ ബിൽ പരിഗണിക്കുന്നതിനുവേണ്ടി ബി.എ.സി.യുടെ

തീരുമാനമനുസരിച്ച് സഭ അംഗീകരിച്ച പ്രമേയത്തിൽ വരുത്തിയ മാറ്റം സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും സഭ അംഗീകരിക്കുകയും ചെയ്തു.)

## II. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) പ്രമേയത്തെ പിന്താങ്ങുന്നു.

(ഡോ. ടി. എം. തോമസ് ഐസക് സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> 2011–ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2011–ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (2) <u>2012–ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): 2012–ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: 2012–ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. കെ. സുരേഷ് കുറുപ്പ് സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

ശ്രീ. ബെന്നി ബെഹനാൻ: 2012–ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

2012–ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-mw നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 11.04–ന് പിരിഞ്ഞു.

-------